ഫയൽ നം :എ2/286/2025-റ്റിസി തിയതി : 18-01-2026

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, രണ്ടാം നില, ട്രാൻസ് ടവേഴ്സ്,
വഴുതക്കാട്, തൈക്കാട് പി.ഒ, തിരുവനന്തപുരം - 695 014

ഇ-മെയിൽ: tcoffice.mvd@kerala.gov.in|വെബ്: www.mvd.kerala.gov.in|☎ 0471-2333317

**സർക്കുലർ നം 01/2026**

വിഷയം :- മോട്ടോർ വാഹന വകുപ്പ് - ജീവനക്കാര്യം : 2026 വർഷത്തെ പൊതുസ്ഥലമാറ്റം -അപേക്ഷ ക്ഷണിക്കുന്നത്- സംബന്ധിച്ച്

സൂചന :-

1. സ.ഉ.(പി) നം.03/2017/ഉ.ഭ.പ.വ തീയതി 25.02.2017
2. സ.ഉ.(അച്ചടി) നം. 05/2017/ഉ.ഭ.പ.വ തീയതി 24.04.2017
3. സ.ഉ.(കൈ)നം 18/2017/ഉ ഭ.പ.വ. തീയതി 29.08.2017
4. സ.ഉ.(കൈ) നം. 11/2018/ഉ.ഭ.പ.വ തീയതി 18.04.2018
5. സ.ഉ.(കൈ) നം. 10/2018/ഉ.ഭ.പ.വ തീയതി 05.04.2018
6. സ.ഉ.(കൈ) നം. 56/2018/ട്രാൻസ് തീയതി 24.09.2018
7. സ.ഉ.(കൈ) നം. 01/2019/ട്രാൻസ് തീയതി 04.01.2019
8. സ.ഉ.(കൈ) നം. 2/2021/ഉ.ഭ.പ.വ. തീയതി 03.02.2021
9. സ.ഉ.(സാധാ) നം. 155/2021/ഉ.ഭ.പ.വ തീയതി 21.10.2021
10. 09.05.2023 തീയതിയിലെ സ.ഉ.(സാധാ) നം 173/2023/ഗതാഗതം

മോട്ടോർ വാഹന വകുപ്പിലെ വിവിധ തസ്തികകളിലെ 2026 വർഷത്തിലെ പൊതുസ്ഥലമാറ്റത്തിനുള്ള ഓൺ ലൈൻ അപേക്ഷ മേൽ പരാമർശിത ഉത്തരവുകൾക്ക് വിധേയമായി ക്ഷണിക്കുന്നു. www.spark.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം ഓൺ ലൈനായിട്ടാണ് അപേക്ഷകൾ സമർപ്പിക്കേണ്ടത്.

2026 വർഷത്തിലെ മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതു സ്ഥലമാറ്റ അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച സമയ ക്രമം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| 1 | ജീവനക്കാർക്ക് ഓൺലൈൻ ആയി അപേക്ഷ സമർപ്പിക്കാവുന്നത് | 19.01.2026 മുതൽ (രാവിലെ 10 മണി മുതൽ) | 22.01.2026 വരെ (രാത്രി 11.59 വരെ) |

| | | | |
|---|---|---|---|
| 2 | ഓഫീസുകളിൽ നിന്നും ഡിസ്ട്രിക്ട് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 23.01.2026 മുതൽ (രാവിലെ 10 മണി മുതൽ) | 26.01.2026 വരെ (രാത്രി 11.59 വരെ) |
| 3 | ഡിസ്ട്രിക്ട് ഓഫീസിൽ നിന്നും ഹെഡ് ഓഫീസിലേക്ക് അപേക്ഷ സമർപ്പിക്കേണ്ടത് | 27.01.2026 മുതൽ (രാവിലെ 10 മണി മുതൽ) | 31.01.2026 വരെ (രാത്രി 11.59 വരെ) |

തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ ഡി റ്റി സി ഓഫീസ് ആയിരിക്കും ഡിസ്ട്രിക്ട് ഓഫീസ്. തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകൾ ഒഴികെ എൻഫോഴ്സ്മെന്റ് വിഭാഗത്തിലെ ഡിസ്ട്രിക്ട് ഓഫീസ് എൻഫോഴ്സ്മെന്റ് ആർ ടി ഓഫീസായിരിക്കും.

**1. പൊതുസ്ഥലമാറ്റം**

1.1) മോട്ടോർ വാഹന വകുപ്പിലെ ജീവനക്കാരുടെ പൊതുസ്ഥലമാറ്റവുമായി ബന്ധപ്പെട്ട് വകുപ്പ് തലത്തിൽ പ്രസിദ്ധീകരിച്ച മാനദണ്ഡങ്ങൾക്കും മാർഗ്ഗ നിർദ്ദേശങ്ങൾക്കും സർക്കുലറുകൾക്കും അറിയിപ്പുകൾക്കും 2026 ലെ പൊതു സ്ഥലമാറ്റ പ്രക്രിയയിൽ സാധുത ഉണ്ടായിരിക്കുന്നതല്ല. ഈ ഉത്തരവിൽ ഖണ്ഡിക 1 മുതൽ 8 വരെ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്കും മേൽ സൂചനകൾ പ്രകാരമുള്ള സർക്കാർ ഉത്തരവുകൾക്കും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും 2026 ലെ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കും വിധേയമായിട്ടായിരിക്കും 2026 ലെ പൊതു സ്ഥലമാറ്റം നടപ്പിലാക്കുന്നത്.

1.2) ഗതാഗത കമ്മീഷണറുടെ ചുമതലയിൽ ആയിരിക്കും 2026 ലെ പൊതുസ്ഥലമാറ്റം പൂർത്തീകരിക്കുന്നത്. പൊതു സ്ഥലമാറ്റത്തിനായി അപേക്ഷ സ്വീകരിക്കുന്നതും ട്രാൻസ്ഫർ യോഗ്യത സംബന്ധിച്ച പട്ടിക പ്രസിദ്ധീകരിക്കുന്നതും ഓൺ ലൈൻ മുഖേന ആയിരിക്കും. 2026 വർഷത്തെ പൊതു സ്ഥലമാറ്റവും അടുത്ത പൊതു സ്ഥലമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നതു വരെയുള്ള സ്ഥലമാറ്റങ്ങളും ടി പട്ടികയിൽ നിന്നും നടത്തുന്നതാണ്.

1.3) നിലവിൽ സ്ഥിരം ജീവനക്കാരില്ലാത്തതിനാൽ ഉണ്ടായ ഒഴിവുകൾ ഓപ്പൺ വേക്കൻസിയായും നിലവിലുള്ള ജീവനക്കാർ സ്ഥലമാറ്റപ്പെടുന്നത് നിമിത്തം ഉണ്ടാകുന്ന ഒഴിവുകൾ റിപ്ലേസ്മെന്റ് വേക്കൻസിയായും പരിഗണിക്കപ്പെടും. സർക്കാർ ഉത്തരവ് പ്രകാരം 3 വർഷത്തിലധികം ഒരു സ്റ്റേഷനിൽ ജോലി ചെയ്യുന്നവരുടെ സ്ഥാനം റിപ്ലേസ്മെന്റ് വേക്കൻസിയായി കണക്കാക്കുന്നതാണ്.

1.4) ജില്ലാതല റിക്രൂട്ട്മെന്റ് വഴി വന്ന ഉദ്യോഗസ്ഥരുടെ സ്ഥലമാറ്റം ജില്ലാതലത്തിലായിരിക്കും. ഇവ ഒഴികെയുള്ളവ സംസ്ഥാനതല സ്ഥലമാറ്റം ആയിരിക്കും. ജില്ലാതല നിയമനത്തിന്റെ സംഗതിയിൽ, ഓപ്റ്റ് ചെയ്തിട്ടുള്ള ജില്ലയിൽ അഞ്ച് വർഷത്തേയ്ക്കുള്ള നിർബന്ധിത കാലയളവ് സ്റ്റേഷൻ സീനിയോറിറ്റിയ്ക്കായി

കണക്കാക്കപ്പെടുന്നതല്ല.

1.5) ഡെപ്യൂട്ടേഷൻ കാലയളവ്/പഠനാവശ്യത്തിനുള്ള അവധി എന്നിവ സ്ഥലമാറ്റത്തിന്റെ അർഹതയുള്ള കാലയളവായി പരിഗണിക്കുന്നതല്ല. മറ്റ് വകുപ്പുകളിൽ ഡെപ്യൂട്ടേഷനു ശേഷം വകുപ്പിൽ തിരികെ ജോലിയിൽ പ്രവേശിച്ചവർക്ക് അവർ തിരികെ ജോലിയിൽ പ്രവേശിച്ചതിനു ശേഷമുള്ള കാലയളവിലെ സ്റ്റേഷൻ സീനിയോറിറ്റി മാത്രമേ ലഭിക്കുകയുള്ളൂ.

1.6) ഒഴിവുകളില്ലാത്ത കാരണത്താൽ സ്ഥലം മാറ്റത്തിന് പരിഗണിക്കാൻ കഴിയാത്തതായ ജീവനക്കാർ സമർപ്പിച്ച ഓപ്ഷനുകൾ സ്റ്റേഷൻ സീനിയോറിറ്റിയുടെ ക്രമത്തിൽ ക്രമീകരിക്കേണ്ടതും രണ്ട് പൊതു സ്ഥലം മാറ്റങ്ങൾക്കിടയിലുണ്ടാകുന്നതായ ഒഴിവുകൾ ഈ ക്യൂവിൽ നിന്നും നികത്തേണ്ടതുമാണ്.

1.7) ഓപ്ഷന്റെ അടിസ്ഥാനത്തിൽ സ്ഥലം മാറ്റം ചെയ്യപ്പെട്ടവർക്കും ഒരു വർഷം പൂർത്തിയാകുമ്പോൾ സ്ഥലം മാറ്റത്തിനുവേണ്ടി ഓപ്ഷൻ നൽകാവുന്നതാണ്. എന്നാൽ അവരുടെ ഓപ്ഷൻ യാതൊരു അവകാശവാദികളുമില്ലാത്തതായ ഓപ്പൺ വേക്കൻസികൾക്കെതിരെ മാത്രവും അത്തരം സ്ഥലം മാറ്റം ഏതെങ്കിലും നിർബന്ധിത സ്ഥലം മാറ്റം അനിവാര്യമാക്കപ്പെടുന്നതല്ലാത്തതിനും ആണ് പരിഗണിക്കേണ്ടത്.

## 2. ഉദ്യോഗ കാലദൈർഘ്യം.

**മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റത്തിനുള്ള സേവന കാലദൈർഘ്യം താഴെ പറയുന്ന പ്രകാരമാണ്.**

2.1) നിലവിലുള്ള സ്റ്റേഷനിൽ, ട്രാൻസ്ഫറിന് അപേക്ഷിക്കുമ്പോഴുള്ള തസ്തികയിൽ 2026 ഏപ്രിൽ 30-)0 തീയതിയിൽ മൂന്നു വർഷമോ അതിലധികമോ തികയുന്ന ജീവനക്കാരെയാണ് പൊതു സ്ഥലമാറ്റത്തിനു പരിഗണിക്കുന്നത്. സീനിയർ ആയ ഉദ്യോഗസ്ഥർ ആവശ്യപ്പെടുന്ന സ്റ്റേഷനിൽ പുതിയതായി നിയമനം ലഭിച്ച ഉദ്യോഗസ്ഥർ തുടരുന്നുവെങ്കിൽ അവർ സ്ഥലമാറ്റത്തിനു വിധേയരാകുന്നതാണ്.

2.2) സ്വന്തം ജില്ലയിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കുന്നതിന് നിലവിലുള്ള സ്റ്റേഷനിൽ 3 വർഷം ഡ്യൂട്ടി/സർവ്വീസ് പൂർത്തീകരിച്ചിരിക്കണമെന്നില്ല. എന്നാൽ ട്രാൻസ്ഫറിന് അപേക്ഷിക്കുമ്പോഴുള്ള തസ്തികയിലെ ആകെ സർവ്വീസ് 3 വർഷമോ അതിലധികമോ ഉള്ളവരെ പരിഗണിച്ചതിന് ശേഷം മാത്രമേ, ഇക്കാര്യത്തിൽ മറ്റുള്ളവരെ പരിഗണിക്കുകയുള്ളൂ.

2.3) അടുത്ത പൊതു സ്ഥലമാറ്റത്തിൽ നിയമാനുസൃതമുള്ള അർഹത ലഭിക്കും/അടുത്ത പൊതു സ്ഥലമാറ്റത്തിൽ പങ്കെടുക്കേണ്ടതാണ് എന്ന് ഇതിനോടകം ഉത്തരവ് നേടിയിട്ടുള്ളവർക്ക് രേഖകളുടെ അടിസ്ഥാനത്തിൽ പൊതു സ്ഥലമാറ്റത്തിൽ പങ്കെടുക്കാവുന്നതാണ്.

2.4) സ്ഥലമാറ്റത്തിന് അപേക്ഷിക്കാത്ത ഒരാളെ ഒരു പ്രത്യക സ്റ്റേഷനിൽ മൂന്ന് വർഷത്തെ സേവനം പൂർത്തിയാക്കിയെന്ന കാരണത്താൽ സ്ഥലം മാറ്റുന്നതല്ല. എന്നാൽ നിലവിലുള്ള സ്റ്റേഷനിൽ, ട്രാൻസ്ഫറിന് അപേക്ഷിക്കുമ്പോഴുള്ള തസ്തികയിൽ 30.04.2026 -ന് മൂന്നു വർഷമോ അതിലധികമോ പൂർത്തിയാക്കിയ സ്ഥലമാറ്റത്തിന് അർഹതയുള്ള മറ്റൊരു അപേക്ഷകൻ ടി സ്റ്റേഷനിലേക്ക് സ്ഥലമാറ്റം ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ ടി സ്ഥലമാറ്റം നടപ്പിലാക്കുന്നതാണ്.

2.5) ഡെപ്യൂട്ടേഷനിൽ നിന്നും, ശൂന്യവേതനാവധിയിൽ നിന്നും മടങ്ങി വന്ന് 30.04.2026 തീയതിയിൽ മൂന്ന് വർഷം തികയാത്ത ജീവനക്കാരുടെ തസ്തികയിലേക്ക്, ട്രാൻസ്ഫറിനു അർഹതയുള്ളവർ സ്ഥലമാറ്റം ആവശ്യപ്പെടുന്ന പക്ഷം ഡെപ്യൂട്ടേഷനിൽ/ശൂന്യവേതനാവധിയിൽ നിന്നും മടങ്ങി വരുന്നവർ സ്ഥലമാറ്റത്തിന് വിധേയരാകുന്നതാണ്.

**പരാമർശം (2 ) പ്രകാരം എക്സിക്യൂട്ടിവ് വിഭാഗം ജീവനക്കാരുടെ സ്ഥലമാറ്റത്തിനുള്ള സേവന കാലദൈർഘ്യം താഴെ പറയുന്ന പ്രകാരമാണ്.**

2.6) a) എ.എം.വി.ഐ , എം.വി.ഐ എന്നിവരുടെ ഒരു സ്റ്റേഷനിലെ തുടർച്ചയായ ഉദ്യോഗകാലദൈർഘ്യം 2 വർഷം ആയിരിക്കും.

b ) ജോയിന്റ് ആർ ടി ഒ/അസിസ്റ്റന്റ് സെക്രട്ടറി.എസ്.ടി.എ/ആർ.ടി.ഒ /അസിസ്റ്റന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ എന്നിവരുടെ ഒരു സ്റ്റേഷനിലെ തുടർച്ചയായ ഉദ്യോഗ കാലദൈർഘ്യം 1 വർഷം ആയിരിക്കും.

C ) പ്രത്യേക സാഹചര്യങ്ങളിൽ പൊതു താല്പര്യാർത്ഥം/കോടതി വ്യവഹാരങ്ങളുടെ ഭാഗമായി ടി വിഭാഗം ജീവനക്കാരെ മാറ്റുന്നതിന് ടി കാലദൈർഘ്യം ഒരു തടസ്സമല്ല.

d ) ഒരു തസ്തികയിലോ ഒന്നിലധികം തസ്തികകളിലോ ഒരു ജില്ലയിൽ 5 വർഷത്തിൽ കൂടുതൽ കാലം ജോലി ചെയ്തിട്ടുള്ളവരെ ആ ജില്ലയ്ക്ക് പുറത്തേയ്ക്ക് സ്ഥലം മാറ്റാവുന്നതാണ്.

e) നിലവിലെ സ്റ്റേഷനിൽ 2 വർഷമോ, ഒരു തസ്തികയിലോ ഒന്നിലധികം തസ്തികകളിലോ നിലവിലെ ജില്ലയിൽ 5 വർഷമോ സേവനം പൂർത്തിയാക്കിയവർ നിർബന്ധമായും സ്ഥലമാറ്റത്തിന് അപേക്ഷിക്കേണ്ടതാണ്.

2.7) മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ /അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരുടെ സ്ഥലമാറ്റം :

സേഫ് കേരള എൻഫോഴ്സ്മെൻ്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ /അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാർക്ക് (ഏപ്രിൽ 30 നിലയിൽ) ഓഫീസുകളിലേക്കും, ഓഫീസുകളിലെ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ /അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നിവർക്ക് സേഫ് കേരള എൻഫോഴ്സ്മെൻ്റ് സ്ക്വാഡുകളിലേക്കും, നിശ്ചിത കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്തവർക്ക് എൻഫോഴ്സ്മെൻ്റ് സ്ക്വാഡിലെ തന്നെ മറ്റ് ഓഫീസുകളിലേക്കും പൊതു സ്ഥലമാറ്റത്തിനുള്ള ഓപ്ഷൻ നൽകാവുന്നതാണ്.

മൂന്ന് വർഷം എൻഫോഴ്സ്മെൻ്റ് സേവനം പൂർത്തിയാക്കിയ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ /അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാരെ ഓഫീസുകളിലേക്കും ആനുപാതികമായി ഓഫീസുകളിൽ നിന്ന് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ /അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ മാരെ എൻഫോഴ്സ്മെൻ്റിലേയ്ക്കും മാറ്റി നിയമിക്കുന്നതാണ്. ഇപ്രകാരം നിയമിക്കുമ്പോൾ നാളിതു വരെ എൻഫോഴ്സ്മെൻ്റ് ജോലി ചെയ്യാത്തവർക്ക് നിർബന്ധിത എൻഫോഴ്സ്മെൻ്റ് സേവനം ബാധകമാക്കുന്നതാണ്.

സേഫ് കേരള എൻഫോഴ്സ്മെൻ്റ് സ്ക്വാഡിലെ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ /അസിസ്റ്റൻ്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നിവർ എൻഫോഴ്സ്മെൻ്റ് സ്ക്വാഡ് ഒഴികെയുള്ള ഓഫീസുകളിലേക്ക് അപേക്ഷിക്കുമ്പോൾ ടി ഉദ്യോഗസ്ഥർ എൻഫോഴ്സ്മെൻ്റ് സ്ക്വാഡിൽ 3 വർഷം സേവന കാലാവധി പൂർത്തിയാക്കിയിട്ടുണ്ടെന്ന് (ഏപ്രിൽ 30 നിലയിൽ) ഓഫീസ് മേധാവിമാർ ഉറപ്പാക്കേണ്ടതും നിശ്ചിത സേവന കാലാവധി പൂർത്തിയാക്കിയിട്ടില്ലാത്ത ഉദ്യോഗസ്ഥരുടെ അപേക്ഷകൾ ഓഫീസ് മേധാവി/ഡിസ്ട്രിക്ട് ഓഫീസ് മേധാവി നിരസിക്കേണ്ടതുമാണ്. ഇത്തരത്തിൽ അയോഗ്യമായ അപേക്ഷകൾ ഹെഡ് ഓഫീസിലേക്ക് സമർപ്പിക്കുവാൻ പാടില്ല. ടി വ്യവസ്ഥ ഉറപ്പാക്കേണ്ട ഉത്തരവാദിത്തം ഓഫീസ് മേധാവി/ഡിസ്ട്രിക്ട് മേധാവിമാരിൽ നിക്ഷിപ്തമായിരിക്കും.

**3.അനുകമ്പാർഹ സ്ഥലമാറ്റം**

3.1) ഗുരുതരമായ ഏതെങ്കിലും അസുഖമോ അപകടമോ നിമിത്തം ജീവനക്കാരന്/ജീവനക്കാരിയ്ക്ക് സ്ഥായിയായ അവശത സംഭവിക്കുകയും ആയത് നിമിത്തം ജീവനക്കാരന്/ജീവനക്കാരിയ്ക്ക് പരസഹായം വേണ്ടി വരുകയും ചെയ്യുക (ഗുരുതരമായ അസുഖങ്ങൾ എന്ന് വിവക്ഷിക്കുന്ന കരൾ, വൃക്ക എന്നിവ ദാനം ചെയ്തവർ, അവയവം മാറ്റി വയ്ക്കലിന് വിധേയമായവർ, ഗുരുതരമായ രോഗങ്ങളായ ക്യാൻസർ, ഹൃദ്രോഗം, പക്ഷാഘാതം എന്നിവയുമാണ്) . 2 . വിദഗ്ധ ചികിത്സ മറ്റൊരിടത്തും ലഭ്യമല്ലാത്ത

മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വകുപ്പ് തലവൻ സാക്ഷ്യപ്പെടുത്തുക. 3. ഭർത്താവിനോ ജീവനക്കാരനെ/ജീവനക്കാരിയെ പൂർണ്ണമായും ആശ്രയിച്ച് കഴിയുന്ന മകനോ ,മകൾക്കോ, മാതാവിനോ ,പിതാവിനോ ഗുരുതരമായ രോഗം പിടിപെടുകയും ജീവനക്കാരന്റെ സാന്നിദ്ധ്യവും പരിചരണവും അത്യന്താപേക്ഷിതമാകുകയും ചെയ്യുക എന്നിവയിലേതെങ്കിലും സാഹചര്യങ്ങൾ ഉള്ള ജീവനക്കാർ അനുകമ്പാർഹ സ്ഥലമാറ്റത്തിന് അപേക്ഷിക്കുവാൻ അർഹരാണ്.

3.2) ഭിന്നശേഷിയുള്ള ജീവനക്കാർ മേൽപ്പറഞ്ഞ കാരണങ്ങൾ കൂടി ഉണ്ടെങ്കിൽ മാത്രം അനുകമ്പാർഹ സ്ഥലം മാറ്റത്തിന് അപേക്ഷിച്ചാൽ മതിയാകും. മേൽപ്പറഞ്ഞ കാരണങ്ങൾ ബാധകമല്ലാത്ത ഭിന്നശേഷിയുള്ള ജീവനക്കാർക്ക് പൊതു സ്ഥലം മാറ്റത്തിൽ പ്രഥമ ഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗത്തിന്റെ ആനുകൂല്യത്തിൽ നിയമപ്രകാരമുള്ള പ്രത്യേക മുൻഗണന ലഭിക്കും.

3 . 3 ) അനുകമ്പാർഹ സാഹചര്യങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തുന്നതിന് അനുകമ്പാർഹ സ്ഥലം മാറ്റത്തിനുള്ള അപേക്ഷകൾ കമ്മീഷണറേറ്റിൽ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുന്നതും, സൂക്ഷ്മ പരിശോധനയ്ക്ക് ശേഷം തെരെഞ്ഞെടുക്കപ്പെടുന്ന അപേക്ഷകരുടെ ചികിത്സ/അവശത സംബന്ധിച്ച പരിശോധന ആവശ്യമുള്ള പക്ഷം മെഡിക്കൽ ബോർഡിന് മുൻപാകെ നടത്തുന്നതും, ടി മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് കൂടി പരിഗണിച്ച് അനുകമ്പാർഹ സ്ഥലമാറ്റത്തിനുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമാണ്. തെറ്റായതോ തെറ്റിദ്ധാരണാ ജനകമായതോ ആയ വിവരങ്ങൾ നൽകി അനുകമ്പാർഹ സ്ഥലമാറ്റത്തിന്റെ റാങ്ക് ലിസ്റ്റിൽ ആരെങ്കിലും കടന്നു കൂടിയതായി ശ്രദ്ധയിൽപ്പെട്ടാൽ, ടി അനുകമ്പാർഹ സ്ഥലമാറ്റം റദ്ദ് ചെയ്യുന്നതും അപ്പോൾ നിലവിലുള്ള ഓപ്പൺ വേക്കൻസിയിലേക്ക് ടിയാൾ സ്ഥലമാറ്റപ്പെടുന്നതുമാണ്.

3.4) ഓരോ തസ്തികയിലുള്ള ഓപ്പൺ, റിപ്ലേസ്മെന്റ് വേക്കൻസിയുടെ 10% (പരമാവധി) ആണ് അനുകമ്പാർഹ സ്ഥലമാറ്റത്തിന് അനുവദിക്കുന്നത്. ഒരു തസ്തികയിലെ വേക്കൻസി മറ്റൊരു തസ്തികയിലേക്ക് അനുവദിക്കുന്നതല്ല. യോഗ്യരായ അപേക്ഷകരില്ലെങ്കിൽ അനുകമ്പാർഹ സ്ഥലമാറ്റത്തിന് നീക്കിവയ്ക്കപ്പെട്ട വേക്കൻസി സ്ഥലമാറ്റത്താൽ നികത്തപ്പെടുന്നതാണ്.

3 . 5 ) ആശ്രിതരുടെ ചികിത്സ /അവശതയുടെ ആവശ്യത്തിലേക്ക് അനുകമ്പാർഹ സ്ഥലമാറ്റത്തിന് അപേക്ഷിക്കുന്നവർ, ടി ആശ്രിതൻ മൂന്ന് വർഷത്തിലധികമായി ജീവനക്കാരനോടൊപ്പം തുടർച്ചയായി താമസിച്ച് വരുന്നു എന്നത് നിയമനാധികാരിയെ നീതികരിക്കത്തക്കവിധം ബോദ്ധ്യപ്പെടുത്തേണ്ടതാണ്.

3.6) 2026 ലെ അനുകമ്പാർഹ സ്ഥലമാറ്റത്തിന്റെ കാലാവധി ഒരു വർഷം പൂർത്തിയാക്കിയതിന് ശേഷം പുന:പരിശോധിക്കുന്നതാണ്. അനുകമ്പാർഹ സ്ഥലം മാറ്റം ഒരു സ്റ്റേഷനിൽ പരമാവധി 5 വർഷമായും ഒരു ഓഫീസിൽ 3 വർഷമായും നിജപ്പെടുത്തിയിരിക്കുന്നു.

3 . 7 ) അനുകമ്പാർഹ സ്ഥലമാറ്റത്തിനുള്ള അപേക്ഷകൾ മാനുവലായി ബന്ധപ്പെട്ട ഡിറ്റിസി മാർക്ക് മെഡിക്കൽ സർട്ടിഫിക്കറ്റ് സഹിതം ഓൺ ലൈൻ സ്ഥലമാറ്റ പ്രക്രിയ ആരംഭിക്കുന്നതിന് മുൻപായി സമർപ്പിക്കേണ്ടതാണ്. പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് ആവശ്യമായ ശിപാർശ സഹിതം ഡിറ്റിസി മാർ ഈ കാര്യാലയത്തിലേക്ക് 04.02.2026

തീയതിയ്ക്ക് മുൻപായി അയച്ചുനൽകേണ്ടതാണ്. അനുകമ്പാർഹമായ അപേക്ഷകൾ ഒരു കാരണവശാലും ഈ കാര്യാലയത്തിൽ നേരിട്ട് സ്വീകരിക്കുന്നതല്ല. പ്രസ്തുത അപേക്ഷകൾ സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള മാനദണ്ഡങ്ങൾക്ക് വിധേയമാണ് എന്ന് ബന്ധപ്പെട്ട ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

**4. ഓപ്ഷനുകൾ**

4.1) സ്ഥലമാറ്റത്തിന് അപേക്ഷിക്കുമ്പോൾ ഓരോ അപേക്ഷകനും എത്ര ഓപ്ഷനുകൾ വേണമെങ്കിലും മുൻഗണനാ ക്രമത്തിൽ സൂചിപ്പിക്കാവുന്നതാണ്. ഒരു പ്രത്യേക സ്റ്റേഷനിലേക്ക് ഒന്നിൽ കൂടുതൽ വ്യക്തികൾ ഓപ്റ്റ് ചെയ്യുമ്പോൾ ഖണ്ഡിക 6 –ലെ മുൻഗണനാക്രമം പാലിച്ചുകൊണ്ട് ട്രാൻസ്ഫർ അലോട്ട്മെന്റ് നടത്തും.

**5. സ്റ്റേഷൻ**

5.1) ഒരു ജില്ലയിലെ ഒരു ഓഫീസിൽ നിന്നും 15 കിലോമീറ്റർ ചുറ്റളവിനുള്ളിലുള്ള ഓഫീസുകളിലേക്ക് ട്രാൻസ്ഫറിന് അപേക്ഷിക്കുമ്പോഴുള്ള തസ്തികയിലെ സർവ്വീസ് ഒരേ സ്റ്റേഷനിലെ സർവ്വീസ് ആയി കണക്കാക്കുന്നതാണ്. 15 കിലോമീറ്റർ ചുറ്റളവിലുള്ള ഓഫീസുകളുടെ പേരു വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. 15 കിലോമീറ്റർ ചുറ്റളവിലുള്ള ഓഫീസുകളിലേക്കുള്ള അപേക്ഷകൾ സ്വീകരിക്കുന്നതല്ല.

5.2) ജീവനക്കാരൻ സ്ഥിരമായി താമസിക്കുന്ന ജില്ലയാണ് ഹോം സ്റ്റേഷനായി പരിഗണിക്കുന്നത്. സർവ്വീസിൽ പ്രവേശിച്ച സമയത്ത് സ്ഥിരമായി താമസിച്ചിരുന്ന ജില്ലയിൽ നിന്നും വിവാഹത്താലോ മറ്റു കാരണങ്ങളാലോ സ്ഥിര മേൽ വിലാസം മാറിയിട്ടുണ്ടെങ്കിൽ അത് എന്നു മുതൽ എന്നും എന്തു കൊണ്ട് എന്നും രേഖാമൂലമുള്ള തെളിവ് സഹിതം ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസറെ ബോദ്ധ്യപ്പെടുത്തി ഹോം സ്റ്റേഷനിൽ നിർബന്ധമായും മാറ്റം വരുത്തിയിരിക്കണം. സർവ്വീസിൽ പ്രവേശിച്ച ശേഷം ഹോം സ്റ്റേഷൻ ഒരു പ്രാവശ്യം മാത്രമേ മാറ്റുവാൻ സാധിക്കുകയുള്ളൂ. തെറ്റായതോ തെറ്റിദ്ധാരണാജനകമോ ആയ കാരണങ്ങൾ ഉപയോഗിച്ച് ഹോം സ്റ്റേഷനിൽ മാറ്റം വരുത്തുവാൻ പാടുള്ളതല്ല.

**6. മുൻഗണനാക്രമം**

6.1) ജീവനക്കാരന്റെ / ജീവനക്കാരിയുടെ പരിഗണനയിലുള്ള അപേക്ഷയുടെ സമയത്തുള്ള സ്റ്റേഷനിലെ, ട്രാൻസ്ഫറിന് അപേക്ഷിക്കുമ്പോഴുള്ള തസ്തികയിലെ തുടർച്ചയായുള്ള ദൈർഘ്യം (സ്റ്റേഷൻ സീനിയോറിറ്റി) , പൊതുസ്ഥലമാറ്റത്തിനുള്ള മാനദണ്ഡമായിരിക്കുന്നതാണ്. ഓരോ തസ്തികയിലേയും ജീവനക്കാരെ സ്റ്റേഷൻ സീനിയോറിറ്റിയുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച ശേഷം താഴെ പറയുന്ന രീതിയിൽ മുൻഗണനാ ക്രമം പാലിച്ച് റാങ്ക് പട്ടിക രൂപപ്പെടുത്തുന്നതാണ്.

6.2) ഉദ്യോഗത്തിൽ നിന്നു വിരമിക്കുവാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാർക്ക് ഒന്നാമതായി മുൻഗണന നൽകുന്നതാണ്. ഇവരിൽ രണ്ട് അപേക്ഷകരെ ഒന്നിച്ച് പരിഗണിക്കേണ്ടതായി വരുമ്പോൾ ആദ്യം വിരമിക്കുന്ന ആളിന് മുൻഗണന നൽകും.

6.3) പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാരെയും 31.08.2007 –ലെ സർക്കാർ ഉത്തരവ് സ.ഉ.(പി)391/2007/ഫിൻ-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുക്കുന്നതിനുള്ള അവധിയ്ക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ

സ്റ്റേഷനിലേക്ക് തന്നെ ഒരു വർഷക്കാലത്തേയ്ക്ക് നിയമിക്കുന്നതാണ്. അവർ അവർക്ക് സൗകര്യപ്രദമായ ഒഴിവിലേക്ക് സ്ഥലമാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് അടുത്ത മുൻഗണന നൽകുന്നതാണ്.

6.4) ദുർഘടമായ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് രണ്ട് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥലമാറ്റത്തിനുള്ള അർഹത ഉണ്ടായിരിക്കുന്നതും ഉചിതമായ സ്റ്റേഷൻ ലഭിക്കുന്നതിന് അവർക്ക് അടുത്ത മുൻഗണന ഉണ്ടായിരിക്കുന്നതുമാണ്. ഇതേ വിഭാഗത്തിൽ ഒന്നിൽ കൂടുതൽ അപേക്ഷകരുണ്ടെങ്കിൽ അവരുടെ ദുർഘടമായ മേഖലയിലെ ആകെ സേവന ദൈർഘ്യം കണക്കാക്കി മുൻഗണന നൽകുന്നതാണ്.

6.5) ഉദ്യോഗത്തിൽ നിന്നും വിരമിക്കുവാൻ രണ്ട് വർഷം മാത്രമുള്ള ജീവനക്കാർ, പ്രസവാവധിയിൽ നിന്നും മടങ്ങി വരുന്ന ജീവനക്കാർ, ദുർഘടമായ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാർ എന്നീ ക്രമത്തിൽ മുൻഗണന നൽകിയതിന് ശേഷം അടുത്ത മുൻഗണന ലഭിക്കുന്നത് വികലാംഗരായ ജീവനക്കാരുടെ അപേക്ഷകർക്കാണ്. അതിന് ശേഷം ഓട്ടിസം / സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾക്ക് മുൻഗണന ലഭിക്കും. (വികലാംഗത / അസുഖം തെളിയിക്കുന്നതിന് മെഡിക്കൽ ബോർഡിന്റെ ഏറ്റവും പുതിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്) . ഈ രണ്ട് വിഭാഗക്കാരും സ്ഥലം മാറ്റത്തിന് അപേക്ഷിക്കാത്ത പക്ഷം നിലവിലുള്ള ഓഫീസിൽ തുടരും.

6.6) പ്രത്യേക മുൻഗണന അർഹിക്കുന്ന പ്രഥമഗണനീയമോ പരിരക്ഷിക്കപ്പെട്ടവരോ ആയ വിഭാഗക്കാരെയാണ് അടുത്തതായി പരിഗണിക്കുന്നത്. ഒഴിവുകളിലേക്കുള്ള സ്ഥലമാറ്റത്തിനും നിയമനത്തിനും വേണ്ടിയുള്ള ആവശ്യത്തിലേക്കായി പരിരക്ഷിക്കപ്പെട്ട / പ്രഥമഗണനീയ വിഭാഗങ്ങൾക്കുള്ള സംരക്ഷണം പരമാവധി 5 വർഷമായി നിജപ്പെടുത്തിയിരിക്കുന്നു. ഈ മുൻഗണന പ്രകാരമുള്ള സ്ഥലമാറ്റം അതാത് കാറ്റഗറിയിലെ സ്ഥലമാറ്റത്തിന്റെ 20% ത്തിൽ അധികരിക്കുകയില്ല. പരിരക്ഷിക്കപ്പെട്ട എല്ലാ വിഭാഗങ്ങളുടെയും മൊത്തം ശതമാനം സ്ഥലമാറ്റത്തിന് വേണ്ടിയുള്ള ഒഴിവുകളുടെ മൊത്തം സംഖ്യാബലത്തിന്റെ പരമാവധി 30% ആയി പരിമിതപ്പെടുത്തിയിരിക്കുന്നു.

പരിരക്ഷിക്കപ്പെട്ട / പ്രഥമഗണനീയ വിഭാഗങ്ങൾക്ക് ചുവടെ ചേർക്കുന്ന ക്രമത്തിലാണ് മുൻഗണന നൽകുന്നത്.

1. പട്ടികജാതി/പട്ടിക വർഗ്ഗത്തിൽപ്പെട്ട ജീവനക്കാർ

2. അന്ധരായ ഉദ്യോഗസ്ഥർ

3 . വികലാംഗരായ ജീവനക്കാർ (G.O(MS)18/2017/P&ARD dated 29.08.2017- വിധേയമായി)

4. മൂകരും ബധിരരുമായ ജീവനക്കാർ

5 . സെറിബ്രൽ പാൾസി ഉൾപ്പടെയുള്ള ചലന വൈകല്യം, ഭേദപ്പെട്ട കുഷ്ഠം,

അസാധാരണമായ പൊക്കക്കുറവ്, ആസിഡ് ആക്രമണത്തിന് വിധേയമായവർ, പേശി സംബന്ധമായ അസുഖമുള്ളവർ (Locomotor disability including cerebral palsy, cured leprosy, dwarfism, acid attack victim, muscular disability )

6. മാനസിക പ്രശ്നമുള്ളവർ (mental disability )

7.ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ / ബുദ്ധിമാന്ദ്യമുള്ള സഹോദരങ്ങളെ പൂർണ്ണമായും സംരക്ഷിക്കുന്ന ജീവനക്കാർ.

8. ഓട്ടിസം / സെറിബ്രൽ പാൾസി ബാധിച്ച കുട്ടികളുടെ മാതാപിതാക്കൾ

9. 50% -ന് മുകളിൽ വികലാംഗത്വമുള്ള കുട്ടികളുടെ മാതാപിതാക്കൾ

10. ബധിരരും മൂകരുമായ കുട്ടികളുടെ മാതാപിതാക്കൾ / 40 ശതമാനത്തിൽ കുറയാത്ത കാഴ്ച വൈകല്യമുള്ള കുട്ടികളുടെ മാതാപിതാക്കൾ.

11. യുദ്ധത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർ (ഭാര്യ/ഭർത്താവ്/അച്ഛൻ/അമ്മ/മകൻ/മകൾ) / സൈനിക സേവനത്തിനിടെ 40% ന് മുകളിൽ അംഗവൈകല്യം സംഭവിച്ച് disability pension -നോടെ വിരമിച്ച ജവാന്റെ ഭാര്യ/ഭർത്താവ്)

12. സ്വാതന്ത്ര്യ സമരസേനാനിയെ സംരക്ഷിക്കുന്ന മകൻ/മകൾ

13. വിധവകൾ / വിഭാര്യർ / പുനർവിവാഹം ചെയ്യാത്ത വിവാഹമോചിതർ

14. മിശ്രവിവാഹിതർ

15. നിയമപരമായി കുട്ടികളെ ദത്തെടുത്തിട്ടുള്ള ജീവനക്കാർ

16. അംഗീകൃത സർവ്വീസ് സംഘടനകളുടെ സംസ്ഥാന പ്രസിഡന്റ് / ജനറൽ സെക്രട്ടറി

17. സൈനിക സേവനം പൂർത്തിയാക്കിയ ജീവനക്കാർ

18. ജവാന്റെ ബന്ധു (ഭാര്യ / ഭർത്താവ് /അച്ഛൻ / അമ്മ / മകൻ / മകൾ)

19. അർദ്ധ സൈനിക വിഭാഗം, ദേശീയ അന്വേഷണ ഏജൻസി എന്നിവയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരുടെ ഭാര്യ / ഭർത്താവ്/അച്ഛൻ / അമ്മ / മകൻ / മകൾ

20. പ്രവാസി കേരളീയരുടെ ഭാര്യ / ഭർത്താവ്

6.7) ജീവനക്കാരന്റെ ഹോം ജില്ലയ്ക്ക് പുറത്ത് ഏറ്റവും കൂടുതൽ സേവന ദൈർഘ്യമുള്ള (ഔട്ട് സ്റ്റേഷൻ സർവ്വീസ് കൂടുതലുള്ള) ജീവനക്കാർക്ക് ഔട്ട് സ്റ്റേഷൻ സർവ്വീസ് പോയിന്റിന്റെ അടിസ്ഥാനത്തിൽ, അടുത്തതായി മുൻഗണന നൽകുന്നതാണ്. ഹോം ജില്ലയുടെ തൊട്ടടുത്ത ജില്ലയ്ക്ക് 1 , അതിനടുത്ത ജില്ലയ്ക്ക് 2 എന്ന രീതിയിൽ പോയിന്റ് നിജപ്പെടുത്തി ഓരോ ജില്ലയിലും ജോലി നോക്കിയ വർഷം കൊണ്ട് ഗുണിച്ച് ലഭിക്കുന്ന പോയിന്റ് ആണ് ഔട്ട് സ്റ്റേഷൻ സർവ്വീസ് പോയിന്റ് ആയി കണക്കാക്കുന്നത്.

6.8) ഒരേ സ്ഥാപനത്തിലേക്ക് ഒന്നിലധികം പേരെ സ്ഥലം മാറ്റത്തിനായി പരിഗണിക്കേണ്ടി വരുകയും ഖണ്ഡിക 6.1 മുതൽ 6.7 വരെയുള്ള കാര്യങ്ങൾ ഇവരിൽ തുല്യമായി വരുകയും ചെയ്താൽ, ഇവർ ആവശ്യപ്പെടുന്ന സ്റ്റേഷനിൽ നിന്നും ഏറ്റവും അകലെ ജോലി ചെയ്യുന്നയാളെ തിരഞ്ഞെടുക്കപ്പെടും.

6.9) ഒരേ സ്ഥാപനത്തിലേക്ക് ഒന്നിലധികം പേരെ സ്ഥലമാറ്റത്തിനായി പരിഗണിക്കേണ്ടി വരുകയും ഖണ്ഡിക 6.1 മുതൽ 6.8 വരെയുള്ള കാര്യങ്ങൾ ഇവരിൽ തുല്യമായി വരുകയും ചെയ്താൽ, സ്ഥലമാറ്റത്തിന് ആവശ്യപ്പെടുന്ന തസ്തികയിലെ സർവ്വീസ് സീനിയോറിറ്റി കൂടുതലുള്ളയാൾ തിരഞ്ഞെടുക്കപ്പെടും.

## 7.നിരസിക്കൽ

7.1) പരസ്പരം മാറ്റത്തിനു വേണ്ടിയുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

7.2) ജീവനക്കാരുടെ ബന്ധുക്കളോ, ആശ്രിതരോ മറ്റാരെങ്കിലുമോ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

7.3) ഓൺ ലൈൻ മുഖേനയല്ലാതുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

## 8.തടസ്സവാദങ്ങൾ

8.1) ജീവനക്കാരുടെ കരട് സ്ഥലമാറ്റങ്ങൾക്കും നിയമനങ്ങൾക്കും എതിരെയുള്ള തടസ്സവാദങ്ങൾ ട്രാൻസ്പോർട്ട് കമ്മീഷണർ മുൻപാകെ സമർപ്പിക്കാവുന്നതാണ്. ഉത്തരവിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും വ്യവസ്ഥകൾ വ്യാഖ്യാനിക്കുന്നതിനുള്ള അധികാരസ്ഥാനം കമ്മീഷണർക്കും അന്തിമ അധികാര സ്ഥാനം സർക്കാരും ആയിരിക്കുന്നതാണ്.

## അനുബന്ധം

15 കിലോമീറ്റർ ചുറ്റളവിലുള്ള ഓഫീസുകൾ ഒറ്റ സ്റ്റേഷനായി കണക്കാക്കണമെന്ന

ഉത്തരവിൻ പ്രകാരം ചുവടെ ചേർക്കുന്ന ഓഫീസുകളിൽ നിന്ന് പരസ്പരം ട്രാൻസ്ഫറിന് അപേക്ഷിക്കാൻ പാടുള്ളതല്ല.

| ക്രമ നമ്പർ | ജില്ല | ഓഫീസ് |
|---|---|---|
| 1 | തിരുവനന്തപുരം | റ്റി.സി.ഓഫീസ്<br><br>ഡി.റ്റി.സി. ഓഫീസ്, തിരുവനന്തപുരം<br><br>ആർ.ടി.ഒ., തിരുവനന്തപുരം<br><br>ആർ.ടി.ഒ, എൻ.എസ്. |
| | | ഡി.റ്റി.സി. ഓഫീസ്, തിരുവനന്തപുരം<br><br>ആർ.ടി.ഒ., എൻ.എസ്<br><br>സബ് ആർ ടി ഓഫീസ്, കഴക്കൂട്ടം |
| | | ഡി.റ്റി.സി. ഓഫീസ്, തിരുവനന്തപുരം<br><br>ആർ.ടി.ഒ., എൻ.എസ്<br><br>സബ് ആർ ടി ഓഫീസ്, കഴക്കൂട്ടം<br><br>സബ് ആർ ടി ഓഫീസ്, നെടുമങ്ങാട് |
| | | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പാറശാല<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നെയ്യാറ്റിൻകര |
| 2 | കൊല്ലം | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കുന്നത്തൂർ<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കരുനാഗപ്പള്ളി |
| | | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പുനലൂർ<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പത്തനാപുരം |
| 3 | പത്തനംതിട്ട | ആർ.ടി.ഒ പത്തനംതിട്ട<br><br>സബ് ആർ.ടി. ഓഫീസ്,കോന്നി |
| 4 | ആലപ്പുഴ | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കായംകുളം<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, മാവേലിക്കര |
| 5 | കോട്ടയം | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ഉഴവൂർ |

| | | |
|---|---|---|
| | | സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, പാലാ |
| 6 | എറണാകുളം | ഡി.റ്റി.സി. എറണാകുളം<br><br>ആർ.ടി.ഒ. എറണാകുളം<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ആലുവ |
| | | ഡി.റ്റി.സി. എറണാകുളം<br><br>ആർ.ടി.ഒ. എറണാകുളം<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, തൃപ്പൂണിത്തുറ |
| | | ആർ ടി ഒ.മൂവാറ്റുപുഴ<br><br>സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, കോതമംഗലം |
| 7 | തൃശ്ശൂർ | ഡി.റ്റി.സി തൃശ്ശൂർ,<br><br>ആർ.ടി.ഒ. തൃശ്ശൂർ |
| 8 | കോഴിക്കോട് | ഡി.റ്റി.സി കോഴിക്കോട്<br><br>ആർ.ടി.ഒ., കോഴിക്കോട് |

Signed by
Chakilam Nagaraju
Date: 18-01-2026 19:07:03

NAGARAJU CHAKILAM IPS
TRANSPORT COMMISSIONER

സ്വീകർത്താവ് :-

1. എല്ലാ ഡി.റ്റി.സി.മാർക്കും
2. എല്ലാ ആർ.ടി .ഒ.മാർക്കും
3. എല്ലാ എൻഫോഴ്സ്മെന്റ് ആർ.ടി.ഒ. മാർക്കും
4. എല്ലാ ജോയിന്റ് ആർ.ടി.ഒ. മാർക്കും

പകർപ്പ് : - എസ്.എസ്.ജി.സെൽ - വെബ് സൈറ്റിൽ

പ്രസിദ്ധീകരിക്കുന്നതിനായി

ബഹു. ട്രാൻസ്പോർട്ട് കമ്മീഷണർ, അഡീഷണൽ ട്രാൻസ്പോർട്ട് കമ്മീഷണർ, ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ, സീനിയർ ഡി.റ്റി.സി.(ടാക്സ്), സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സീനിയർ ഫിനാൻസ് ഓഫീസർ, സീനിയർ ലാ ഓഫീസർ എന്നിവരുടെ സി എ മാർക്കും.

| മോട്ടോർ വാഹന വകുപ്പ്, കേരളം |
| --- |